ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

**No. Acd.Spc(1)/44454/HSE/2014** തീയതി: 14/10/2014

# സർക്കുലർ

വിഷയം : ഹ.സെ.വി - കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ജില്ലാ മെരിറ്റ് സ്കോളർഷിപ്പ്, 2014 - 15 - വിഞ്ജാപനം - സംബന്ധിച്ച്.

2014 മാർച്ചിൽ എസ്.എസ്.എൽ.സി., റ്റി.എച്ച്.എസ്.എൽ.സി പരീക്ഷകളിൽ മുഴുവൻ വിഷയങ്ങൾക്കും **എ പ്ലസ്** നേടിയ വിദ്യാർത്ഥികൾക്ക്, കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ജില്ലാ മെരിറ്റ് സ്കോളർഷിപ്പിന് ഓൺ-ലൈനായി അപേക്ഷിയ്ക്കുന്നതു സംബന്ധിച്ച് വിവരങ്ങൾ ഉൾക്കൊള്ളിച്ച വിഞ്ജാപനം. എല്ലാ പ്രിൻസിപ്പൽമാരും, വിദ്യാർത്ഥികളെ അിറയിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിനായി താത്പര്യപ്പെടുന്നു.

ഒപ്പ്
വിശ്വസ്തതയോടെ
ജോയിന്റ് ഡയറക്ടർ
(അക്കാദമിക്)

# ജില്ലാ മെറിറ്റ് സ്കോളർഷിപ്പ് 2014 -15

## വിജ്ഞാപനം

2014 മാർച്ചിൽ എസ്.എസ്.എൽ.സി. സംസ്ഥാന സിലബസിൽ പഠിച്ച് എല്ലാ വിഷയങ്ങളിലും എ പ്ലസ് ഗ്രേഡ് നേടി വിജയിച്ച് എച്ച്.എസ്.സി./പ്ലസ് ടു/ഐ.ടി.ഐ./വി.എച്ച്.എസ്.സി./പോളിടെക്നിക്ക് കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും ജില്ലാ മെറിറ്റ് സ്കോളർഷിപ്പിന് ഓൺലൈനായി അപേക്ഷ ക്ഷണിക്കുന്നു.

അപേക്ഷകർ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് വെബ്സൈറ്റായ www.dcescholarship.kerala.gov.in-ൽ District Merit Scholarship (DMS) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് 25/09/2014 മുതൽ ഓൺ ലൈനായി അപേക്ഷിക്കുക.

### 1) അപേക്ഷിക്കേണ്ടതിനുള്ള യോഗ്യതകൾ

എ)അപേക്ഷകർ 2014 മാർച്ചിൽ എസ്.എസ്.എൽ.സി.,റ്റി.എച്ച്.എസ്.എൽ.സി., സംസ്ഥാന സിലബസിൽ പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടിയവർ ആയിരിക്കണം.

ബി)അപേക്ഷകർ 2014 -15 അദ്ധ്യയന വർഷത്തിൽ വി.എച്ച്.എസ്.സി/എച്ച്.എസ്.സി/+2/ഐ.ടി.ഐ./പോളിടെക്നിക്ക് കോഴ്സുകളിലേക്ക് തുടർന്ന് പഠിക്കുന്നവർ ആയിരിക്കണം.

### 2) സ്കോളർഷിപ്പ് തുക

എ) പ്രതിവർഷം 1250/-രൂപ(ആയിരത്തി ഇരുന്നൂറ്റി അൻപത് രൂപ)

ബി) തുടർവിദ്യാഭ്യാസത്തിൽ 50% മാർക്ക് വാങ്ങി പാസാകുന്ന വിദ്യാർത്ഥികൾക്ക് പഠനം തുടരുന്ന 7 വർഷം വരെ സ്കോളർഷിപ്പ് പുതുക്കാവുന്നതാണ്.

### 3) ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ

എ) അപേക്ഷകർക്ക് ഐ.എഫ്.എസ്.സി.കോഡ് ഉള്ള ഏതെങ്കിലും ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം.രക്ഷകർത്താവുമായി ചേർന്നുള്ള മൈനർ അക്കൗണ്ടുള്ളവർ സ്വന്തം പേരിൽ മാത്രമായുള്ള മേജർ അക്കൗണ്ടായി മാറ്റേണ്ടതാണ്. അപേക്ഷ ഓൺലൈനായി സമർപ്പിക്കുമ്പോൾ അക്കൗണ്ട് ലൈവ് ആയിരിക്കേണ്ടതാണ്.

ബി) ബാങ്ക് അക്കൗണ്ട് ആധാർ നമ്പരുമായി ലിങ്ക് ചെയ്തിരിക്കണം. ആധാർ നമ്പർ ലഭ്യമായിട്ടില്ലെങ്കിൽ ഇ.ഐ.ഡി.നമ്പർ നൽകിയാലും മതിയാകും.

സി) എസ്.സി.,എസ്.റ്റി.വിഭാഗത്തിൽപ്പെടുന്നവർക്ക് ലഭിക്കുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളും എസ്.സി.ഇ.ആർ.ടി. നൽകുന്ന സ്കോളർഷിപ്പും , ഒറ്റപ്പെൺകുട്ടിക്കായുള്ള സ്കോളർഷിപ്പും ഒഴികെ മറ്റേതെങ്കിലും സ്കോളർഷിപ്പോ,ഫീസാനുകൂല്യങ്ങളോ കൈപ്പറ്റുന്നവർ ഈ സ്കോളർഷിപ്പിന് അപേക്ഷിക്കുവാൻ അർഹരല്ല.

4) അപേക്ഷിക്കേണ്ട രീതി.

എ) അപേക്ഷകൾ ഓൺലൈനായി 25/09/2014 മുതൽ സമർപ്പിക്കാവുന്നതാണ്. ഇതിനായി :-

1) **www.dcescholarship.kerala.gov.in**-എന്ന വെബ്സൈറ്റിൽ **District Merit Scholarship (DMS)** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

2)സെലക്ഷനിൽ പേരുണ്ടോ എന്ന് നോക്കി ഉണ്ടെങ്കിൽ

3) **Apply Online** -ൽ ക്ലിക്ക് ചെയ്യുക.

4) മറ്റ് സ്കോളർഷിപ്പിനായി മുൻപ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ വച്ച് **Candidate Login** ചെയ്യുക

5) അല്ലെങ്കിൽ **New registration-** ൽ ക്ലിക്ക് ചെയ്ത് **submit**ചെയ്യുക.

6) സ്കോളർഷിപ്പ് പേജിൽ **DMS** എന്ന **Tab** -ൽ ക്ലിക്ക് ചെയ്യുക.

7) എസ്.എസ്.എൽ.സി. പഠിച്ച സ്കൂളിന്റെ ഡിസ്ട്രിക്ട്, സ്കൂൾ, പേര് എന്നിവ സെലക്ട് ചെയ്ത ശേഷം സ്വന്തം പേര് സെലക്ട് ചെയ്യുക.

8) **Submit** ചെയ്യുക.

9) നൽകിയ വിവരങ്ങൾ ശരിയെങ്കിൽ വീണ്ടും **Submit** ക്ലിക്ക് ചെയ്യുക.

ബി)ഓൺലൈനിലൂടെ അപേക്ഷ നൽകിയതിനു ശേഷം **View/Print application-** ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൗട്ട് എടുത്തിരിക്കണം.

സി) രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൗട്ട് ഭാഗം -5ൽ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥി ഇപ്പോൾ പഠിക്കുന്ന സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ടതാണ്.

ഡി) വിദ്യാർത്ഥി സമർപ്പിക്കുന്ന രേഖകളും,രജിസ്ട്രേഷൻ പ്രിന്റൗട്ടും ഓൺലൈൻ വഴി സ്ഥാപനമേധാവിയോ (പ്രിൻസിപ്പലോ/യൂണിവേഴ്സിറ്റികളിലെ വകുപ്പ്

മേധാവികളോ)അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ പരിശോധിക്കേണ്ടതാണ്.(വെരിഫിക്കേഷൻ)

ഇ) സൂക്ഷ്മ പരിശോധന നടത്തിക്കഴിഞ്ഞ അപേക്ഷകൾ സ്ഥാപനമേധാവി (പ്രിൻസിപ്പലോ/യൂണിവേഴ്സിറ്റികളിലെ വകുപ്പ് മേധാവികളോ) ഓൺലൈൻ വഴി അംഗീകരിച്ചിരിക്കണം. (അപ്രൂവ്ഡ്)

എഫ്) ഓൺലൈൻ വഴി അംഗീകരിച്ച അപേക്ഷകൾ

1) ഗവൺമെന്റ് /എയ്ഡഡ് സ്ഥാപനങ്ങൾ അതാതു സ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ടതാണ്. സ്കോളർഷിപ്പ് ഓഫീസിലെ ഇൻസ്പെക്ഷൻ ടീമിന്റെ പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.

2) അംഗീകൃത അൺ-എയ്ഡഡ് സ്ഥാപനങ്ങൾ അപേക്ഷകൾ "സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസറുടെ കാര്യാലയം,കോളേജ് വിദ്യാഭ്യാസ വകുപ്പ്, ആറാംനില, വികാസ് ഭവൻ, തിരുവനന്തപുരം-33" എന്ന വിലാസത്തിൽ അവസാന തീയതിക്ക് മുൻപായി എത്തിക്കണം.

5) സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ട രേഖകൾ.

എ) അപേക്ഷകരുടെ ഫോട്ടോ പതിച്ച രജിസ്ട്രേഷൻ പ്രിന്റൗട്ട്

ബി) റ്റി.എച്ച്.എസ്.എൽ.സി./എസ്.എസ്.എൽ.സി.മാർക്ക്ലിസ്റ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

സി) നേറ്റിവിറ്റി സർട്ടിഫിക്കറ്റ്

ഡി) അപേക്ഷകരുടെ സ്വന്തം പേരിൽ ഉള്ള ബാങ്ക് പാസ്സ്ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
(പേര്, അക്കൗണ്ട് നമ്പർ,ബ്രാഞ്ച് കോഡ്, ബ്രാഞ്ചിന്റെ അഡ്രസ്സ് എന്നിവ ഉൾപ്പെടുത്തിയിരിക്കണം)

ഇ) ആധാർ കാർഡിന്റെ കോപ്പി.

6)അവസാന തീയതി

1) ഓൺലൈനായി അപേക്ഷ രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി: 25/10/2014

2) ഓൺലൈൻ രജിസ്ട്രേഷൻ പ്രിന്റൗട്ടും,മറ്റ് അനുബന്ധ രേഖകളും സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ട തീയതി: 31/10/2014

3) സ്ഥാപനമേധാവി സൂക്ഷ്മ പരിശോധന നടത്തി ഓൺലൈൻ ആയി അപേക്ഷകൾ അംഗീകരിക്കുന്നതിനുള്ള അവസാന തീയതി:10/11/2014

4) അംഗീകൃത അൺ-എയ്ഡഡ് സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പ്രിന്റും,മറ്റ് അനുബന്ധ രേഖകളും സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസറുടെ കാര്യാലയത്തിൽ എത്തിക്കേണ്ട അവസാന തീയതി:15/11/2014.

സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ.

എ എം.(20/08/2014)